**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **12-06-2024 - ൽ മറുപടിയ്ക്ക്**

**മീനച്ചിലാറിന്റെ തീരത്തുള്ള മണൽ ചേർന്ന മണ്ണ് നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മീനച്ചിലാറിന്റെ തീരത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ നിന്നും മണൽ ചേർന്ന മണ്ണ് നീക്കം ചെയ്യുന്നതിനായി നിലവിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | മീനച്ചിലാറിന്റെ തീരത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക തുക അനുവദിച്ചിട്ടില്ല. |
| (ബി) | ഇവിടെ നിന്നും നീക്കം ചെയ്യുന്ന മണൽ എന്താണ് ചെയ്യുന്നതെന്നും ഇതുവഴി സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | വെള്ളപ്പൊക്കം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളെ തുടർന്ന് മീനച്ചിലാറിന്റെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന തിട്ടകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. ടി മണ്ണ് വിവിധ യാർഡുകളിൽ സൂക്ഷിച്ചിട്ടുള്ളതും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട വിലയനുസരിച്ച് പലതവണ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ലാത്തതുമാണ്. IDRB Fund ഉപയോഗിച്ച് മീനച്ചിലാറിന്റെ പൂവത്തുംമൂട് ഭാഗം മുതൽ വെള്ളൂപറമ്പ് പാലം വരെയുള്ള ഭാഗങ്ങളിൽ പുഴയുടെ സ്വാഭാവിക വീതി കുറച്ചുകൊണ്ട് ആറ്റിലേക്കിറങ്ങി നിന്നിരുന്ന തിട്ടകൾ നീക്കം ചെയ്യുകയും, ആയത് കേരള റബർ ലിമിറ്റഡിന്റെ അഭ്യർത്ഥനയിന്മേൽ വെള്ളൂരുള്ള കെ.ആർ.എൽ.ന്റെ പ്രൊജക്ട് സൈറ്റ് ഫിൽ ചെയ്യുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 20/05/2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12516 ക്യു.മീ. മണ്ണ് കേരള റബ്ബർ ലിമിറ്റഡുമായി കരാറിലേർപ്പെട്ട് കൈമാറിയിട്ടുള്ളതും പിന്നീട് 26/03/2024 തീയതിയിലെ ഉത്തരവ് പ്രകാരം 6500 ക്യു.മീ. മണ്ണ് പ്രസ്തുത സൈറ്റിലേയ്ക്ക് കൊണ്ടുപോകുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ളതും പകുതിയോളം മണ്ണ് നീക്കം ചെയ്തിട്ടുള്ളതുമാണ്. കേരള റബർ ലിമിറ്റഡ് ഒരു സർക്കാർ സംരംഭമായതിനാലും, മഴക്കാലം തുടങ്ങുന്നതിനു മുൻപ് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് അടിയന്തരമായി സൈറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതിനാലും, പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മണ്ണിന്റെ വിലയും |

| | | | |
|---|---|---|---|
| | | | അനുബന്ധ നികുതികളും സംബന്ധിച്ച് സർക്കാർ നിശ്ചയിക്കുന്നതിന് അനുസൃതമായി കെ. ആർ. എൽ (കേരള റബ്ബർ ലിമിറ്റഡ്) പിന്നീട് സർക്കാരിലേയ്ക്ക് ഒടുക്കാമെന്ന കരാർ വ്യവസ്ഥയിൽ District Disaster Management Authority അംഗീകരിച്ച നിരക്കായ Rs. 165/m3 ന് സൈറ്റിൽ നിന്ന് കേരള റബ്ബർ ലിമിറ്റഡിന് കൈമാറാൻ ഉത്തരവായിട്ടുള്ളതും അപ്രകാരം കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതി തുടങ്ങിയത് മുതൽ ഒരേ കരാർ ഏജൻസിയാണോ പ്രവൃത്തി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വെള്ളപ്പൊക്കം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളെ തുടർന്ന് മീനച്ചിലാറിന്റെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയിരിക്കുന്ന തിട്ടകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കം ചെയ്തിട്ടുണ്ട്. ടി മണ്ണ് വിവിധ യാർഡുകളിൽ സൂക്ഷിച്ചിട്ടുള്ളതും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട വിലയനുസരിച്ച് പലതവണ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ലാത്തതുമാണ്. IDRB Fund ഉപയോഗിച്ച് മീനച്ചിലാറിന്റെ പൂവത്തുംമൂട് ഭാഗം മുതൽ വെള്ളൂപറമ്പ് പാലം വരെയുള്ള ഭാഗങ്ങളിൽ പുഴയുടെ സ്വാഭാവിക വീതി കുറച്ചുകൊണ്ട് ആറ്റിലേക്കിറങ്ങി നിന്നിരുന്ന തിട്ടകൾ നീക്കം ചെയ്യുകയും, ആയത് കേരള റബർ ലിമിറ്റഡിന്റെ അഭ്യർത്ഥനയിന്മേൽ വെള്ളൂരുള്ള കെ.ആർ.എൽ.ന്റെ പ്രൊജക്റ്റ് സൈറ്റ് ഫിൽ ചെയ്യുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 20/05/2023-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12516 ക്യു.മീ. മണ്ണ് കേരള റബ്ബർ ലിമിറ്റഡുമായി കരാറിലേർപ്പെട്ട് കൈമാറിയിട്ടുള്ളതും പിന്നീട് 26/03/2024 തീയതിയിലെ ഉത്തരവ് പ്രകാരം 6500 ക്യു.മീ. മണ്ണ് പ്രസ്തുത സൈറ്റിലേയ്ക്ക് കൊണ്ടുപോകുന്നതിനായി കരാറിലേർപ്പെട്ടിട്ടുള്ളതും പകുതിയോളം മണ്ണ് നീക്കം ചെയ്തിട്ടുള്ളതുമാണ്. കേരള റബർ ലിമിറ്റഡ് ഒരു സർക്കാർ സംരഭമായതിനാലും, മഴക്കാലം തുടങ്ങുന്നതിനു മുൻപ് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് അടിയന്തരമായി സൈറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതിനാലും, പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മണ്ണിന്റെ വിലയും അനുബന്ധ നികുതികളും സംബന്ധിച്ച് സർക്കാർ നിശ്ചയിക്കുന്നതിന് അനുസൃതമായി കെ. ആർ. എൽ (കേരള റബ്ബർ ലിമിറ്റഡ്) പിന്നീട് സർക്കാരിലേയ്ക്ക് ഒടുക്കാമെന്ന കരാർ വ്യവസ്ഥയിൽ District Disaster Management Authority അംഗീകരിച്ച നിരക്കായ Rs. 165/m3 ന് സൈറ്റിൽ നിന്ന് കേരള റബ്ബർ ലിമിറ്റഡിന് കൈമാറാൻ ഉത്തരവായിട്ടുള്ളതും അപ്രകാരം കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ